എസ്.എച്ച് (2)7022/2018

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,
തീയതി : 11 .4.2018

## സർക്കുലർ

വിഷയം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് 1959 റൂൾസ് 1960 നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന - തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് ആഫീസറുടെ 31.1.2018 തീയതിയിലെ ഇ 1-1/18 നമ്പർ കത്ത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അംഗീകൃതവും അല്ലാത്തതുമായ തസ്തികകളിലും വിവിധ സ്കീമുകളിലെ തസ്തികകളിലും നിരവധി ആൾക്കാരെ ദിവസ വേതനാടിസ്ഥാനത്തിലും താത്കാലികാടിസ്ഥാനത്തിലും നിയമിച്ചതും നിയമിക്കുന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി നിയമനങ്ങൾ ചട്ട വിരുദ്ധവും നിലവിലുള്ള നിയമങ്ങളുടെ ലംഘനവുമാണ്. കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് 1959 റൂൾസ് 1960 നടപ്പിലാക്കുന്നതിനായുള്ള സർക്കുലർ നമ്പർ 25941/ജി2/2013 /LBR തീയതി, 5.2.2014 പ്രകാരം ഇക്കാര്യം കേരള സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളതുമാണ്. പി.എസ്.സി ലിസ്റ്റ് നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ നിർബന്ധമായും എംപ്ലോയമെന്റ് എക്സ്ചേഞ്ചിനെ നിശ്ചിത പ്രൊഫോർമയിൽ അറിയിക്കുകയും ടി വിവരം ഇവിടേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ചട്ടപ്രകാര മുള്ള അച്ചടക്ക നടപടികൾക്ക് ബന്ധപ്പെട്ട ആഫീസർ വിധേയമാക്കുന്നതായിരിക്കും എന്നു കൂടി ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
**കാർഷിക വികസന കർഷക**
**ക്ഷേമ വകുപ്പ് ഡയറക്ടർ**

**പകർപ്പ് -** എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
(താങ്കളുടെ കീഴിൽ വരുന്ന എല്ലാ ആഫീസുകൾക്കും സർക്കുലർ നൽകേണ്ടതാണ്.)
കൃഷിഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ആഫീസുകൾക്ക്
ചീഫ് സോയിൽ കെമിസ്റ്റ് ,സി.എസ്.പി.എച്ച്.സി, പാറോട്ടുകോണം
ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/അധികം

ഇആർ/5/4/2018

SHAJU C.K
Administrative Assistant
Directorate of Agricultural Development
& Farmers Welfare Development
Vikas Bhavan, Thiruvananthapuram-33